"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ കാര്യാലയത്തിന്റെ നിയന്ത്രണത്തിൽ കോട്ടയം ജില്ല കടുത്തുരുത്തി സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി രാധാമണി ബി. ക്ക് സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.657/2025/AYUSH തീയതി,തിരുവനന്തപുരം, 23-12-2025

---

പരാമർശം:-

1. ശ്രീമതി രാധാമണി ബി. സമർപ്പിച്ച 01.12.2023 ലെ സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അപേക്ഷ.
2. കടുത്തുരുത്തി ഗവ.ആയുർവേദ ഡിസ്പെൻസറി മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം.
3. ഭാരതീയ ചികിത്സാ കാര്യാലയം ഡയറക്ടറുടെ 15.11.2025 ലെ DISM/956/2024-E1 നം.കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ല കടുത്തുരുത്തി സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി രാധാമണി ബി. 01.12.2023 ൽ സ്ഥാപനത്തിൽ ഡ്യൂട്ടിക്കിടയിൽ വീഴുകയും, ഇടത് കൈ ഒടിയുകയും ചെയ്തതിനെ തുടർന്ന് 01.12.2023 മുതൽ 07.01.2024 വരെ പരാമർശം (1) പ്രകാരം സ്പെഷ്യൽ ഡിസബിലിറ്റി ലീവിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും ടിയാൾ അവധി കഴിഞ്ഞു ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് സഹിതം 08.01.2024 ന് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായും അപേക്ഷയും ബന്ധപ്പെട്ട രേഖകളും സഹിതം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതും പ്രസ്തുത അവധി അപേക്ഷ അനുവദിച്ച് ഉത്തരവാകുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതുമാണ്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. കോട്ടയം ജില്ല കടുത്തുരുത്തി സർക്കാർ

ആയുർവേദ ഡിസ്പെൻസറിയിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി രാധാമണി ബി. പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, മെഡിക്കൽ സർട്ടിഫിക്കറ്റിന്റേയും, അപകടം സംബന്ധിച്ചുള്ള കടുത്തുരുത്തി ഗവ.ആയുർവേദ ഡിസ്പെൻസറി മെഡിക്കൽ ഓഫീസറുടെ പരാമർശം (2) പ്രകാരമുള്ള സാക്ഷ്യപത്രത്തിന്റേയും പരാമർശം (3) പ്രകാരമുള്ള ഭാരതീയ ചികിത്സാ കാര്യാലയം ഡയറക്ടറുടെ ശിപാർശയുടേയും അടിസ്ഥാനത്തിൽ കെ.എസ്.ആർ. ഭാഗം I ചട്ടങ്ങൾ 98 പ്രകാരം ടിയാൾക്ക് 01.12.2023 മുതൽ 07.01.2024 വരെ 38 ദിവസം സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാർ .എ

അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ കാര്യാലയം, തിരുവനന്തപുരം.
2. ശ്രീമതി രാധാമണി ബി., ഗവ. ആയുർവേദ ഡിസ്പെൻസറി, കടുത്തുരുത്തി, കോട്ടയം (ഭാരതീയ ചികിത്സാ കാര്യാലയം ഡയറക്ടർ മുഖേന).
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/311/2025-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 23-12-2025 10:36:00
സെക്ഷൻ ഓഫീസർ